**1) തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ .............. പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു**
**A) നിത്യജീവൻ**
B) രക്ഷ
C) സ്വർഗ്ഗം
D) സ്വർഗീയ ഉർശലേം

**2) എന്നെ .............................. മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു**
**A) ശക്തനാക്കുന്നവൻ**
B) അനുഗ്രഹിക്കുന്നവൻ
C) ബലവാനാക്കുന്നവൻ
D) പരിപാലിക്കുന്നവൻ

**3) പൂർണ .............. യെഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്**
**A) ഹൃദയത്തോടെ**
B) ആത്മാവോടെ
C) വിശ്വാസത്തോടെ
D) ഒരുക്കത്തോടെ

**4) നിന്റെ വചനം എന്റെ കാലിനു .............. എൻെറ പാതയ്ക്ക് പ്രകാശവും ആകുന്നു**
**A) ദീപവും**
B) ശക്തിയും
C) ദിശയും
D) പ്രത്യാശയും

**5) മുമ്പേ അവന്റെ ...................... ...................... അന്വേഷിപ്പിൻ ' അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടും**
**A) രാജ്യവും നീതിയും**
B) വചനവും പഠിപ്പിക്കലുകളും
C) നന്മയും സമാധാനവും
D) പാപമോചനവും രക്ഷയും

**6) യേശു അവനോടു: ' നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ .............................കൂടെ ............................... '**
**A) മനസ്സോടും, സ്നേഹിക്കേണം**
B) വിശ്വാസത്തോടും, ഇഷ്ടപ്പെടണം
C) വിശ്വാസത്തോടും, സ്നേഹിക്കേണം
D) സമ്പത്തോടും, അനുഗമിക്കേണം

**7) എങ്കിലും യെഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ .................; അവർ .............................. ചിറകടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും**

**A) <u>പുതുക്കും, കഴുകന്മാരെപ്പോലെ</u>**
B) സമ്പാദിക്കും, പക്ഷികളെപ്പോലെ
C) നേടും, കഴുകന്മാരെപ്പോലെ
D) പുതുക്കും, പക്ഷികളെപ്പോലെ

**8) തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ .................. നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ**
**A) <u>കൂട്ടായ്മയിലേക്ക്</u>**
B) സന്നിധിയിലേക്ക്
C) അനുഗ്രഹങ്ങളിലേക്ക്
D) മക്കളായി

**9) അവൻ വന്ന് പാപത്തെക്കുറിച്ചും ........................ ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും**
**A) <u>നീതിയെക്കുറിച്ചും</u>**
B) പശ്ചാത്താപത്തെക്കുറിച്ചും
C) രക്ഷയെക്കുറിച്ചും
D) പാപമോചനത്തെക്കുറിച്ചും

**10) നിങ്ങൾക്ക് ............................ വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പീൻ**
**A) <u>രോഗശാന്തി</u>**
B) പരിശുദ്ധാത്മാവ്
C) ദീർഘായുസ്സ്
D) സമാധാനം

**11) വിശുദ്ധ യോഹന്നാൻ 11: 25 തെരഞ്ഞെടുക്കുക**
**A) <u>ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും</u>**
B) ഞാൻ ജീവന്റെ അപ്പമാകുന്നു
C) ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു
D) മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു

**12) എഫെസ്യർ 4 :30 തെരഞ്ഞെടുക്കുക**
**A) <u>ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്</u>**
B) ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ
C) അവർ അവരുടെമേൽ കൈ വച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവിനെ ലഭിച്ചു
D) സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിന്നെ സകല സത്യത്തിലും വഴി നടത്തും

**13) സങ്കീർത്തനം 128 : 3 തെരഞ്ഞെടുക്കുക**
**A) <u>നിന്റെ മക്കൾ നിന്റെ മേശക്കു ചുറ്റും ഒലിവ് തൈകൾ പോലെയും ഇരിക്കും</u>**
B) അവൻ നിന്നോട് ജീവനെ അപേക്ഷിച്ചു; നീ അവന് കൊടുത്തു എന്നേക്കുമുള്ള ദീർഘായുസിനെ തന്നെ
C) അവൻ സത്യദൈവവും നിത്യജീവനും ആകുന്നു
D) സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ

**14) വിശുദ്ധ യോഹന്നാൻ 11 : 40 തെരഞ്ഞെടുക്കുക**
**A) <u>വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും</u>**
B) തിരുവചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കയാൽ നിന്റെ ഭക്തന്മാർ എന്നെ കണ്ടു സന്തോഷിക്കുന്നു

C) പ്രാർത്ഥനയിലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ല
D) അവൻ നാൽപ്പതു രാവും നാൽപ്പത് പകലും ഉപവസിച്ചു ശേഷം അവന് വിശന്നു

**15) ആവർത്തനം 6: 4 തെരഞ്ഞെടുക്കുക**
**<u>A) യിസ്രായേലേ കേൾക്ക, യെഹോവ നമ്മുടെ ദൈവമാകുന്നു.</u>**
B) യെഹോവ ഏകൻ തന്നെ ദാസന്മാരിലും ദാസിമാരിലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും
C) അഹറോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല
D) അവൻ യെഹോവയിൽ വിശ്വസിച്ചു , അത് അവന് നീതിയായി കണക്കിട്ടു

**16) വിശുദ്ധ യോഹന്നാൻ 14:1 തെരഞ്ഞെടുക്കുക**
**<u>A) നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ</u>**
B) മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് . ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു
C) സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല
D) എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല

**17) സദൃശ വാക്യങ്ങൾ 14 : 32 തെരഞ്ഞെടുക്കുക**
**<u>A) ദുഷ്ടന് തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു; നീതിമാനോ മരണത്തിലും പ്രത്യാശയുണ്ട്</u>**
B) യെഹോവാഭക്തി ജ്ഞാനോപദേശമാകുന്നു. മാനത്തിന് വിനയം മുന്നോടിയാകുന്നു
C) ദുഷ്ടന്മാരുടെ യാഗം യെഹോവയ്ക്കു വെറുപ്പ്; നേരുള്ളവരുടെ പ്രാർത്ഥനയോ അവനു പ്രസാദം
D) ഭാര്യമാരെ നിങ്ങളുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങുവിൻ

**18) 1 തെസ്സലോനിക്യർ 5: 17 തെരഞ്ഞെടുക്കുക**
**<u>A) ഇടവിടാതെ പ്രാർത്ഥിപ്പീൻ</u>**
B) നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു
C) വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കണം
D) യെഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരെ നിങ്ങളെത്തന്നെ നിർമലീകരിപ്പിൻ

**19) സങ്കീർത്തനം 119 : 9 തെരഞ്ഞെടുക്കുക**
**<u>A) ബാലൻ തന്റെ നടപ്പിനെ നിർമലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ</u>**
B) നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു
C) യെഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു . അവയെ ആചരിക്കുന്ന എല്ലാവര്ക്കും നല്ല ബുദ്ധിയുണ്ട്
D) തിരുവചനത്തിൽ ഞാൻ പ്രത്യാശ വച്ചിരിക്കയാൽ നിന്റെ ഭക്തന്മാർ എന്നെ കണ്ട് സന്തോഷിക്കുന്നു

**20) വിശുദ്ധ മർക്കോസ് 9: 23 തെരഞ്ഞെടുക്കുക**
**<u>A) വിശ്വസിക്കുന്നവന് സകലവും കഴിയും</u>**
B) വിശ്വാസവും പ്രവൃത്തികൾ ഇല്ലാതെയായാൽ സ്വതവേ നിർജീവമാകുന്നു
C) നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ
D) അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കല്പനകൾ ഭാരമുള്ളവയല്ല

**21) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
നീതിമാന്മാരുടെ പ്രത്യാശ സന്തോഷമാകുന്നു; ദുഷ്ടന്മാരുടെ പ്രതീക്ഷയ്ക്കോ ഭംഗം വരുന്നു**

**A) സദൃശ്യ വാക്യങ്ങൾ 10: 28**

B) സങ്കീർത്തനം 25 : 5

C) സങ്കീർത്തനം 39 : 7

D) സദൃശ്യ വാക്യങ്ങൾ 10 : 18

**22) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
'സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ'**

**A) വിശുദ്ധ മത്തായി 5:12**

B) .ഇയ്യോബ് 22 : 12

C) കൊലോസ്യർ 3 : 21

D) സങ്കീർത്തനം 9 :17

**23) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
'നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു'**

**A) റോമർ 6 :8**

B) ഗലാത്യർ 6 : 8

C) എഫസ്യർ 6 :2

D) 1 തിമോത്തിയോസ് 5 :8

**24) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചുവല്ലോ**

**A) വിശുദ്ധ മത്തായി 15 :4**

B) വിശുദ്ധ മർക്കോസ് 7 :10

C) എഫെസ്യർ 6 :2 -3

D) എഫെസ്യർ 6: 4

**25) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
'യെഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട് . യെഹോവയുടെ സിംഹാസനം സ്വർഗത്തിൽ ആകുന്നു**

**A) സങ്കീർത്തനം 11 : 4**

B) വിശുദ്ധ മത്തായി 5 : 12

C) സങ്കീർത്തനം 146 : 5

D) 1 പത്രോസ് 3 : 22

**26) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
'ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു**

**A) 1 കൊരിന്ത്യർ 8 : 3**

B) സങ്കീർത്തനം 145 : 20

C) സങ്കീർത്തനം 97: 10

D) കൊലോസ്യർ 3 : 21

**27) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക:
'രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ'**

**A) എഫെസ്യർ 6 : 17**

B) വിശുദ്ധ യോഹന്നാൻ 5 : 24
C) വിശുദ്ധ മത്തായി 24 : 35
D) സദൃശ്യവാക്യങ്ങൾ

**28) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക: 'പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പീൻ'**
**A) വിശുദ്ധ മത്തായി 26: 41**
B) 2 തിമോത്തിയോസ് 3: 12
C) സദൃശ്യവാക്യങ്ങൾ 14 : 26
D) വിശുദ്ധ മത്തായി 4:2

**29) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക: 'ഞാൻ യഹോവയോടു അപേക്ഷിച്ചു; അവൻ എനിക്ക് ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു '**
**A) സങ്കീർത്തനം 34: 4**
B) യെശയ്യാവ് 41: 17
C) വിശുദ്ധ ലൂക്കോസ് 23 :34
D) വിശുദ്ധ യോഹന്നാൻ 4 : 24

**30) തന്നിരിക്കുന്ന വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക: സൂക്ഷിച്ചു കൊൾവിൻ, സഹോദരൻ പിഴച്ചാൽ അവനെ ശാസിക്ക; അവൻ മാനസാന്തരപ്പെട്ടാൽ അവനോടു ക്ഷമിക്ക**
**A) വിശുദ്ധ ലൂക്കോസ് 17: 3**
B) വിശുദ്ധ ലൂക്കോസ് 15: 10
C) വിശുദ്ധ യോഹന്നാൻ 20 : 23
D) വിശുദ്ധ മത്തായി 9: 6

**31) 'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' ഇത് യേശു ആരോട് പറഞ്ഞു?**
**A) യെഹൂദന്മാരോട്**
B) പുരുഷാരത്തോട്
C) ശിഷ്യൻമാരോട്
D) പത്രോസിനോടും യോഹന്നാനോടും

**32) 'ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു' എന്ന് യേശു ആരോടാണ് പറഞ്ഞത്?**
**A) പശ്ചാത്തപിച്ച കള്ളനോട്**
B) തൈലം പൂശിയ സ്ത്രീയോട്
C) ലാസറിന്റെ കുടുംബത്തോട്
D) ശതാധിപന്റെ മകളോട്

**33) ' ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല' എന്ന് യേശു ആരോടാണ് പറഞ്ഞത്?**
**A) നിക്കോദീമോസ്**
B) അരിമത്യയിലെ ജോസഫ്
C) ഗമാലിയേൽ
D) യോഹന്നാൻ സ്നാപകൻ

**34) 'നിങ്ങളോ എന്നെ ആർ എന്ന് പറയുന്നു ?' എന്ന യേശുവിന്റെ ചോദ്യത്തിന് പത്രോസ് നൽകിയ മറുപടി എന്തായിരുന്നു?**
**A) നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു**

B) നീ ദൈവപുത്രനായ യേശു
C) നീ മനുഷ്യ രക്ഷകനായ ക്രിസ്തു
D) നീ ദൈവം ലോകത്തിന്റെ രക്ഷക്കായി അയച്ച ക്രിസ്തു

**35) 'യെഹോവേ അരുളിചെയ്യേണമേ അടിയൻ കേൾക്കുന്നു' ഈ മറുപടി പറയാൻ ശമുവേലിനെ പഠിപ്പിച്ചത് ആരാണ്**
**<u>A) ഏലി</u>**
B) ദാവീദ്
C) നാഥാൻ
D) ശലോമോൻ

**36) 'നിന്റെ ജനം എന്റെ ജനം നിന്റെ ദൈവം എന്റെ ദൈവം' എന്ന് രൂത്ത് ആരോടാണ് പറഞ്ഞത് ?**
**<u>A) നവോമി</u>**
B) ബോവാസ്
C) ഓർഫ
D) എലീമേലേഖ്

**37) 'ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു ' എന്ന് യേശു ആരോടാണ് പറഞ്ഞത്?**
**<u>A) മാർത്തയോട്</u>**
B) മറിയയോട്
C) ലാസറിനോട്
D) പത്രോസിനോട്

**38) എന്റെ ശത്രുക്കൾ കാൺകെ നീ എനിക്ക് വിരുന്നൊരുക്കുന്നു ' എന്ന് ഏത് പുസ്തകത്തിൽ ആണ് പ്രസ്താവിക്കുന്നത്**
**<u>A) സങ്കീർത്തനം</u>**
B) സദൃശ്യവാക്യങ്ങൾ
C) വിലാപങ്ങൾ
D) സഭാ പ്രസംഗി

**39) 'എന്റെ കർത്താവും ദൈവവുമേ' എന്ന് തോമാ ശ്ലീഹ പറഞ്ഞത് എപ്പോൾ ?**
**<u>A) ഉയിർപ്പിനു ശേഷം</u>**
B) യേശു കടലിനെ ശാന്തമാക്കിയതിനു ശേഷം
C) യേശു ലാസറിനെ ഉയിർപ്പിച്ചതിനു ശേഷം
D) അന്ത്യ അത്താഴ സമയത്തു്

**40) 'ഞാൻ ആരെ അയയ്ക്കേണ്ടു ? ആർ നമുക്കുവേണ്ടി പോകും ? ' എന്ന് ആര് ആരോട് ചോദിച്ചു ?**
**<u>A) ദൈവം യെശയ്യാവിനോട്</u>**
B) യേശു ശിഷ്യന്മാരോട്
C) യേശു ജനങ്ങളോട്
D) ദാവീദ് യിസ്രായേൽ ജനത്തോട്

**41) തന്നിരിക്കുന്നവയിൽ എല്ലാ റെഫറൻസുകളും ദൈവത്തെക്കുറിച്ചു പ്രതിപാദിക്കുന്നവ ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**<u>A) സങ്കീർത്തനം 118: 14, 1 തിമൊത്തിയോസ് 2:5, ആവർത്തനം 33:27, എബ്രായർ 3: 4</u>**
B) എബ്രായർ 3:4, 1 തിമോത്തിയോസ് 2:5, വിശുദ്ധ മത്തായി 3:6, 1 തെസ്സലോനിക്യർ 5: 17
C) വിശുദ്ധ മത്തായി 18: 20, വിശുദ്ധ മത്തായി 26: 41, വിശുദ്ധ മർക്കോസ് 9 : 23,

ങ്കീർത്തനം 118: 14
D) റോമൻ 1:17, എബ്രായർ 3: 4 , വിശുദ്ധ മത്തായി 26: 41, വിശുദ്ധ മത്തായി 3: 6

**42) തന്നിരിക്കുന്നവയിൽ സങ്കീർത്തന പുസ്തകത്തിൽ ഉൾപ്പെടാത്ത വാക്യം തെരഞ്ഞെടുക്കുക**
**A) ദുഷ്ടന് തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു; നീതിമാനോ മരണത്തിലും പ്രത്യാശയുണ്ട്**
B) എന്നാൽ കർത്താവെ ഞാൻ ഏതിനായി കാത്തിരിക്കുന്നു, എന്റെ പ്രത്യാശ നിങ്കൽ വച്ചിരിക്കുന്നു
C) യെഹോവയെ സ്നേഹിക്കുന്നവരേ ദോഷത്തെ വെറുപ്പിൻ
D) ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്ക് തിരിയും

**43) തന്നിരിക്കുന്നവയിൽ ദൈവസ്നേഹത്തിന്റെ മകുടമായി കാണാവുന്ന വേദവാക്യം ഏത്**
**A) യോഹന്നാൻ 3: 16**
B) സങ്കീർത്തനം 51: 10
C) യെഹെസ്കേൽ 36: 25
D) വിശുദ്ധ യോഹന്നാൻ 3: 5

**44) തന്നിരിക്കുന്നവയിൽ ക്രിസ്തുവിലൂടെ പുതിയ സൃഷ്ടിയാകുന്നതിനെ പ്രതിപാദിക്കുന്ന വേദഭാഗം**
**A) 2 കൊരിന്ത്യർ 5: 17**
B) വിശുദ്ധ യാക്കോബ് 4: 3
C) വിശുദ്ധ ലൂക്കോസ് 8: 21
D) 1 കൊരിന്ത്യർ 13: 4

**45) തന്നിരിക്കുന്നവയിൽ എല്ലാ റെഫറൻസുകളും പ്രത്യാശ യെകുറിച്ച് പ്രതിപാദിക്കുന്നവ ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) സങ്കീർത്തനം 39: 7, 1 തെസ്സലോനികൃർ 5: 8, വിലാപങ്ങൾ 3: 24, സദൃശ്യ വാക്യങ്ങൾ 10: 28**
B) 1 തെസ്സലോനിക്യർ 5: 8, 1 യോഹന്നാൻ 4:20, വിശുദ്ധ മത്തായി 5: 10, സങ്കീർത്തനം 9: 17
C) എഫെസ്യർ 6:1, വിലാപങ്ങൾ 3: 24, സദൃശ്യ വാക്യങ്ങൾ 10: 28, വിശുദ്ധ മത്തായി 13: 43
D) വിശുദ്ധ മത്തായി 5: 12, സദൃശ്യ വാക്യങ്ങൾ 10: 28, 1 യോഹന്നാൻ 4:20, അപ്പോസ്തോല പ്രവൃത്തികൾ 16: 15

**46) തന്നിരിക്കുന്നവയിൽ എല്ലാ റെഫറൻസുകളും പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രതിപാദിക്കുന്നവ ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) റോമർ 8: 9, വിശുദ്ധ യോഹന്നാൻ 16: 8, 1 കൊരിന്ത്യർ 3: 16, യോവേൽ 2:29**
B) വിശുദ്ധ മത്തായി 18:19, വിശുദ്ധ യോഹന്നാൻ :8: 3, റോമർ 8: 9, 1 കൊരിന്ത്യർ 3: 16
C) വിശുദ്ധ യാക്കോബ് 5:16, വിശുദ്ധ യോഹന്നാൻ 16: 8, കൊലോസ്യർ 3: 18, വിശുദ്ധ യാക്കോബ് 5 :13
D) വിശുദ്ധ മർക്കോസ് 1: 35, 1 കൊരിന്ത്യർ 3: 16, യോവേൽ 2 :29, 1, രാജാക്കന്മാർ 19: 8

**47) അപ്പോസ്തോല പ്രവർത്തികകൾ 2: 39 ൽ പ്രസ്താവിക്കുന്ന 'വാഗ്ദത്തം' എന്താണ്? ആർക്കാണ് ഇത് ലഭിക്കുന്നത്**
**A) പരിശുദ്ധാത്മദാനം, നിങ്ങൾക്കും മക്കൾക്കും**
B) നിത്യ ജീവൻ, നിങ്ങൾക്കും മക്കൾക്കും

C) പാപമോചനം, വിശ്വസിക്കുന്നവർക്ക്
D) പരിശുദ്ധാത്മ ദാനം, ക്രിസ്തുവിനെ ഏറ്റുപറയുന്നവർക്ക്

**48) തന്നിരിക്കുന്നവയിൽ എല്ലാ റെഫറൻസുകളും ദൈവവചനം എന്ന ആശയത്തോട് ബന്ധപ്പെട്ടവ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) വിശുദ്ധ യോഹന്നാൻ 8: 51, വിശുദ്ധ യോഹന്നാൻ 5: 24, വിശുദ്ധ മത്തായി 4: 4, സങ്കീർത്തനം 119: 74**
B) വിശുദ്ധ യോഹന്നാൻ 8: 51, 1 പത്രോസ് 3:22, വിശുദ്ധ യോഹന്നാൻ 5: 24, സങ്കീർത്തനം 39: 7
C) വിശുദ്ധ യോഹന്നാൻ 5: 24, വിശുദ്ധ മർക്കോസ് 9: 23, വിശുദ്ധ മത്തായി 4: 4, സങ്കീർത്തനം 39: 7
D) വിശുദ്ധ മത്തായി 4: 4,വിശുദ്ധ മർക്കോസ് 9: 23, സങ്കീർത്തനം 119: 74, 1 പത്രോസ് 3:22

**49) തന്നിരിക്കുന്നവയിൽ, എല്ലാ റെഫറൻസുകളും ശിശുക്കളുടെ പ്രാധാന്യത്തോട് ബന്ധപ്പെട്ടവ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) വിശുദ്ധ മത്തായി 18: 4, വിശുദ്ധ മർക്കോസ് 10: 14, വിശുദ്ധ മത്തായി 18: 5, വിശുദ്ധ മർക്കോസ് 10: 15**
B) വിശുദ്ധ മത്തായി 18: 4, വിശുദ്ധ ലൂക്കോസ് 1: 76, സങ്കീർത്തനം 21: 4, റോമർ 6: 23
C) വിശുദ്ധ മർക്കോസ് 10: 14, സങ്കീർത്തനം 21: 4, വിശുദ്ധ മർക്കോസ് 10: 18, റോമർ 6: 23
D) സങ്കീർത്തനം 21: 4, വിശുദ്ധ മത്തായി 18: 5, വിശുദ്ധ ലൂക്കോസ് 1: 76, വിശുദ്ധ മർക്കോസ് 10: 14

**50) തന്നിരിക്കുന്നവയിൽ എല്ലാ റെഫറൻസുകളും പ്രാർത്ഥന, ദൈവഭക്തി എന്ന ആശയങ്ങളോട് ബന്ധപ്പെട്ടവ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) 1 യോഹന്നാൻ 3: 22, വിശുദ്ധ മത്തായി 6: 7 , സദൃശ്യവാക്യങ്ങൾ 8: 13, സങ്കീർത്തനം 19: 9**
B) സദൃശ്യവാക്യങ്ങൾ 22: 4, എബ്രായർ 11: 1, 1 കൊരിന്ത്യർ 16: 14, വിശുദ്ധ മത്തായി 6: 7
C) സങ്കീർത്തനം 39: 7 , യോഹന്നാൻ 3: 22, സദൃശ്യവാക്യങ്ങൾ 8: 13, 1 പത്രോസ് 3: 22
D) 1 പത്രോസ് 3: 22, സങ്കീർത്തനം 19: 9, എബ്രായർ 11: 1, 1 കൊരിന്ത്യർ 16: 14